# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 2

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദപ്രവേശനം; അവസാന അലോട്ട്മെന്റിന് രജിസ്ട്രേഷൻ ഡിസംബർ ആറുവരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ബിരുദ പ്രവേശനത്തിന് നിലവിൽ അപേക്ഷിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിക്കാത്തവർക്കും ഡിസംബർ ആറിന് വൈകിട്ട് അഞ്ചു വരെ അപേക്ഷിക്കാം. www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് ഓപ്ഷൻ രജിസ്ട്രേഷൻ. ഓൺലൈൻ അപേക്ഷയിൽ തെറ്റുവരുത്തിയതുമൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കാതെ ഓപ്ഷൻ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് വെബ്സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്താണ് പുതുതായി ഓപ്ഷൻ നൽകേണ്ടത്.

ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യണം. ഇതിനായി നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് വെബ്സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. പുതിയ ആപ്ലിക്കേഷൻ നമ്പർ സൂക്ഷിച്ചുവയ്ക്കണം. നേരത്തേ നൽകിയ അപേക്ഷയിലെ തെറ്റുതിരുത്താനും പുതുതായി ഓപ്ഷൻ നൽകാനും കഴിയും. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷൻ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല.

വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിവരം വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകരുടെ റാങ്ക് പട്ടിക സർവകലാശാല തയാറാക്കും. റാങ്ക് പട്ടിക പ്രകാരം കോളജുകളിൽ പ്രവേശനം നടത്തും. സർവകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടിക പ്രകാരമുള്ള പ്രവേശന നടപടികൾ ഡിസംബർ 15നകം കോളജുകൾ പൂർത്തീകരിക്കണം. ബിരുദ പ്രോഗ്രാം പ്രവേശനം 15ന് അവസാനിക്കും.

(പി.ആർ.ഒ/39/1261/2020)

## പരീക്ഷ ഫലം

2020 ജനവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷത്തെ ബി.പി.റ്റി. സ്പെഷൽ മേഴ്സി ചാൻസ് (2018 അദാലത്ത്-2008 വരെയുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1262/2020)

## ദേശീയ വിദ്യാഭ്യാസ നയം 2020;
## എം.ജിയിൽ ദേശീയ വെബിനാർ നടത്തി

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ദേശീയ വിദ്യാഭ്യാസ നയം 2020 നെക്കുറിച്ച് പഞ്ചദിന ദേശീയ വെബിനാർ നടത്തി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു.

ന്യൂഡൽഹി എൻ.ഐ.ഇ.പി.എ. വൈസ് ചാൻസലർ പ്രൊഫ. എൻ.വി. വർഗീസ് മുഖ്യപ്രഭാഷണം നടത്തി. ദേശീയ വിദ്യാഭ്യാസ നയരൂപീകരണ സമിതിയംഗം പ്രൊഫ. വസുധ കാമത്ത്, ഇന്ത്യ-ആഫ്രിക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ പ്ലാനിങ് ആൻഡ് അഡ്മിനിസ്‌ട്രേഷൻ ഉപദേശകൻ പ്രൊഫ. രാമചന്ദ്രൻ, അലഹബാദ് സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. പി.കെ. സാഹു, ഇഗ്‌നോ സ്‌കൂൾ ഓഫ് എജ്യുക്കേഷനിലെ പ്രൊഫ. ചന്ദ്രഭൂഷൺ ശർമ, ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എമിരറ്റസ് പ്രഫസർ പ്രൊഫ. എം.എ. സുധീർ, ജാമിയ മിലിയ ഇസ്ലാമിയ സർവകലാശാലയിലെ പ്രൊഫ. ജാസിം അഹമ്മദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. മിനിക്കുട്ടി, പ്രൊഫ. ജയ ജെയ്‌സ്, പ്രൊഫ. ജെ.വി. ആശ, പ്രൊഫ. ടി.വി. തുളസീദരൻ, ഡോ. സജ്‌ന ജലീൽ, ഡോ. ഇസ്മായിൽ താമരശേരി, ഡോ. കെ.വി. മുഹമ്മദ്, ഡോ. സിബു റ്റി. നെറ്റോ, സ്‌റ്റെയിൻ ജോർജ്, അന ക്ലീറ്റസ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/1263/2020)

**എ. അരുൺകുമാർ**
പബ്ലിക്‌റിലേഷൻസ്ഓഫീസർ